**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 51** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>പരിസ്ഥിതിലോല മേഖല സംബന്ധിച്ച കരട് വിജ്ഞാപനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. വി. ജോയി

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. കാരായി രാജൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** പരിസ്ഥിതിലോല മേഖല സംബന്ധിച്ച കരട് വിജ്ഞാപനം പുറത്തിറങ്ങി മാസങ്ങൾ പിന്നിട്ടിട്ടും ബന്ധപ്പെട്ട മന്ത്രിമാരുടെ ഡൽഹി സന്ദർശന വേളകളിൽ പ്രധാനമന്ത്രി, കേന്ദ്ര പരിസ്ഥിതി മന്ത്രി എന്നിവരോട് സംസ്ഥാനത്തിന്റെ പൊതു ആവശ്യം ഉന്നയിക്കാൻ തയ്യാറായില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കസ്തൂരിരംഗൻ റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിൽ കേരളത്തിലെ 123 വില്ലേജുകളിലായി 13,108 ച.കി.മി. പ്രദേശം പരിസ്ഥിതി ലോല പ്രദേശമായി നിർദ്ദേശിക്കപ്പെട്ടതിനെതിരെ ഉയർന്ന ശക്തമായ പ്രതിഷേധങ്ങളെ തുടർന്ന് ജനവാസമേഖലകളും കൃഷിസ്ഥലങ്ങളും ഒഴിവാക്കാനുള്ള നടപടികൾ ഉമ്മൻചാണ്ടി സർക്കാരിന്റെ കാലയളവിൽ തന്നെ ആരംഭിച്ചു.

പ്രസ്തുത സർക്കാർ നിയോഗിച്ച ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയുടെ പഠനത്തിൻ്റെ വെളിച്ചത്തിലാണ് 2014 മാർച്ച് 10 ന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ കേരളത്തിലെ ESA വിസ്തൃതി 9,993.7 ച.കി. മിറ്ററായി (9,107 ച.കി. മി. വനവും 886.7 ച.കി. മി. വനേതര പ്രദേശവും) നിശ്ചയിച്ചത്. തുടർന്നു വന്ന കരട് വിജ്ഞാപനങ്ങളിലും പരിസ്ഥിതിലോല പ്രദേശത്തിൻ്റെ വിസ്തൃതിയിൽ മാറ്റമുണ്ടായില്ല എന്നാൽ വില്ലേജുകളുടെ വിഭജനത്തെത്തുടർന്ന് പരിസ്ഥിതിലോല വില്ലേജുകളുടെ എണ്ണം 123 -ൽ നിന്നും 131 ആയി ഉയർന്നപ്പോഴും ആകെ വിസ്തൃതിയിൽ വ്യത്യാസമുണ്ടായില്ല. 27/07/2026-ൽ പുറപ്പെടുവിച്ച ഏഴാമത് കരട് വിജ്ഞാപനത്തിലും 131 വില്ലേജകളിലായുള്ള പരിസ്ഥിതിലോല പ്രദേശത്തിന്റെ വിസ്തൃതി 9993.7 ചതുരശ്ര കിലോമീറ്റർ ആയിരുന്നു. ജി.ഐ.എസ് പരിശോധനകൾ, ഫീൽഡ് വെരിഫിക്കേഷൻ, തദ്ദേശ സ്ഥാപന തലത്തിൽ നടത്തിയ പരിശോധനകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ജനവാസമേഖലകളും കൃഷി സ്ഥലങ്ങളും തോട്ടങ്ങളും പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് സംസ്ഥാനത്തെ പരിസ്ഥിതിലോല പ്രദേശത്തിന്റെ ആകെ വിസ്തൃതി 98 വില്ലേജുകളിലായി 8590.69 ച.കി. മീറ്ററായി നിജപ്പെടുത്താനാണ് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പശ്ചിമഘട്ട പരിസ്ഥിതിലോല പ്രദേശ വിദഗ്ദസമിതിയെ (WGESA Expert Com mittee) കേരളത്തിലേക്ക് ക്ഷണിക്കുകയും ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ബന്ധപ്പെട്ട മന്ത്രിമാരും

ചീഫ് സെക്രട്ടറി അടക്കമുള്ള ഉദ്യോഗസ്ഥരും പങ്കെടുത്ത ഉന്നതതല യോഗം 15.07.2026 ൽ ചേർന്ന് വിശദമായ ചർച്ചകൾ നടത്തുകയും സംസ്ഥാനത്തിന്റെ ജന സാന്ദ്രതയും പരിസ്ഥിതി സാഹചര്യങ്ങളും ഭൂലഭ്യതക്കുറവും കമ്മിറ്റിയെ ബോധ്യപ്പെടുത്ത കയുമുണ്ടായി.

ഏഴാമത് കരട് വിജ്ഞാപനത്തെത്തുടർന്ന് നിശ്ചിത സമയപരിധിക്കകം (60 ദിവസം) തന്നെ സംസ്ഥാന സർക്കാർ പരിഷ്കരിച്ച നിർദദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. സംസ്ഥാനത്തെ പരിസ്ഥിതിലോല പ്രദേശങ്ങൾ 98 വില്ലേജുകളിലായി 8,590.69 ച.കി. മി. ആയിട്ടുള്ള പരിഷ്കരിച്ച നിർദേശത്തിന് ഉപോത്ബലകമായിട്ടുള്ള രേഖകളും വിശദാംശങ്ങളും ഉൾകൊള്ളുന്ന കേരളത്തിന്റെ ശിപാർശ 2026 സെപ്റ്റംബർ 24 -ന് കേന്ദ്ര വനം, പരിസ്ഥിതി മന്ത്രാലയത്തിന് ഔദ്യോഗികമായി സമർപ്പിച്ചു. കരട് വിജ്ഞാപനത്തിലെ ESA വിസ്തൃതിയിൽ 1403.09 ചതുരശ്ര കിലോമീറ്റർ കുറവായിട്ടാണ് കേരളത്തിന്റെ നിർദേശം സമർപ്പിച്ചിട്ടുള്ളത്. ജനവാസ മേഖലകളും കൃഷിസ്ഥലങ്ങളും തോട്ടങ്ങളും ESA പരിധിയിൽ നിന്ന് പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കണമെന്നുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് കൃത്യമായി പരിഷ്കരിച്ച നിർദേശത്തിൽ ഉന്നയിച്ചിട്ടുണ്ട്.

**(ബി)** കർഷകർ സമരരംഗത്തിറങ്ങുകയും വിമർശനങ്ങൾ ശക്തമാകുകയും ചെയ്ത ഘട്ടത്തിൽ മാത്രമാണ് ഉദ്യോഗസ്ഥതല യോഗം വിളിച്ചുചേർത്തതെന്ന് പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല

**(സി)** മുൻകാലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഫീൽഡ് വെരിഫിക്കേഷൻ നടത്തി സമർപ്പിച്ച ശിപാർശകൾ കേന്ദ്രം അവഗണിച്ചതിനെതിരെ നിയമപരവും ഭരണപരവുമായ എന്ത് തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** 2026 ജൂലൈ 27-ലെ കരട് നോട്ടിഫിക്കേ നിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് നിർദേശങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിച്ചിട്ടുണ്ട്

**(ഡി)** പശ്ചിമഘട്ട മേഖലയിൽ കടുത്ത നിയന്ത്രണങ്ങൾ നിർദ്ദേശിച്ച മുൻകാല സമിതി റിപ്പോർട്ടുകളോട് ഭരണനേതൃത്വത്തിലുള്ളവർക്കുള്ള അനുകൂല നിലപാടാണ് സർക്കാരിന്റെ ഇപ്പോഴത്തെ നിസ്സംഗതയ്ക്ക് കാരണമെന്ന് പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; ഉയർന്നു വന്നിട്ടുള്ള ജനകീയ പ്രതിഷേധങ്ങളും ആശങ്കകളും പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല

കസ്തൂരിരംഗൻ റിപ്പോർട്ടിൽ കേരളത്തിന്റെ പരിസ്ഥിതിലോല പ്രദേശത്തിൻ്റെ വിസ്തൃതി 13108 ച.കി.മി ആയിരുന്നു. ആ കാലയളവിലെ സർക്കാർ ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയെ നിയോഗിച്ച് പഠനം നടത്തിയതിൻ്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടിൻ്റെ വെളിച്ചത്തിലാണ് കേരളത്തിൻ്റെ പരിസ്ഥിതിലോല പ്രദേശത്തിന്റെ വിസ്തൃതി 9993.7 ച.കി.മി ആയി കുറഞ്ഞിട്ടുള്ളത്.

2014 മാർച്ച് 10 -ലെ ഒന്നാം വിജ്ഞാപനം മുതൽ നാളിതുവരെയുള്ള എല്ലാ വിജ്ഞാപനങ്ങളിലും പരിസ്ഥിതിലോല പ്രദേശത്തെ സംബന്ധിച്ചുള്ള നിരോധിത വ്യവസ്ഥകളും നിയന്ത്രണങ്ങളും

ഒരേപോലെയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 24/09/2026 -ന് സമർപ്പിച്ച പരിഷ് കരിച്ച റിപ്പോർട്ടിൽ കേരളത്തിലെ പരിസ്ഥിതിലോല പ്രദേശമായി നിശ്ചയിച്ച 9993.7 ച.കി.മി വസ്തുതിയിൽ നിന്നും ജനവാസ മേഖലകളെയും കൃഷിസ്ഥലങ്ങളെയും തോട്ടങ്ങളെയും എന്ത് കൊണ്ട് ഒഴിവാക്കണമെന്നത് സംബന്ധിച്ച് ഭൗതിക പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ വിശദാംശങ്ങളടക്കം ചൂണ്ടിക്കാണിച്ചുകൊണ്ട് കേരളത്തിന്റെ വർധിച്ച ജനസാന്ദ്രതയും ഭൂലഭ്യതക്കുറവും വനവിസ്തൃതിയും മുൻനിർത്തി, കരട് വിജ്ഞാപനങ്ങളിൽ നിർദേശിച്ചിട്ടുള്ള നിരോധിത നിയന്ത്രണ പ്രവർത്തനങ്ങളിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ഇളവനുദിക്കണമെന്ന വ്യക്തമായ നിർദേ ങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**